2024
FEBRUARY
28
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## രാജ്യത്തിന്റെ അഭിമാന ദൗത്യത്തിൽ പങ്കാളിയാകാൻ മലയാളി പ്രശാന്ത് ബി.നായർ



**നെന്മാറ:** ഇന്ത്യയുടെ ഗഗൻയാൻ ബഹിരാകാശ പദ്ധതിയിൽ അംഗമായി മലയാളിയും. പാലക്കാട് നെൻമാറ സ്വദേശിയായ ക്യാപ്റ്റൻ പ്രശാന്ത് ബി.നായരാണ് കേരളത്തിന്റെ അഭിമാനം വാനോളം ഉയർത്തിയ മലയാളി. ഇന്ത്യൻ പ്രതിരോധസേനയും ഐഎസ്ആർഒ യുടെയും സംയുക്ത സംരംഭമായ ഗഗൻയാൻ പദ്ധതിയിലാണ് പ്രശാന്ത് തിരഞ്ഞെടുക്കപ്പെട്ടത്. തിരുവനന്തപുരം വിക്രം സാരാഭായ് സ്പെയ്സ് സെന്ററിൽ (വിഎസ്എസ്സി) നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് നാല് ഗഗൻയാൻ ദൗത്യ അംഗങ്ങളെ പ്രഖ്യാപിച്ചത്. .ഗ്രൂപ്പ് ക്യാപ്റ്റൻമാരായ അജിത് കൃഷ്ണൻ, അങ്കദ് പ്രതാപ്, വിങ് കമാൻഡർ ശുഭാൻഷു ശുക്ല എന്നിവരാണ് ദൗത്യസംഘത്തിലെ മറ്റ് അംഗങ്ങൾ. 2025ൽ ഭൂമിയിൽനിന്ന് 400 കിലോമീറ്റർ അകലെയുള്ള ബഹിരാകാശത്തെത്തി മൂന്നു ദിവസത്തിനു ശേഷം തിരികെ ഭൂമിയിൽ എത്തുന്നതാണ് ഗഗൻയാൻ ദൗത്യം.

പാലക്കാട് നെന്മാറ പഴയ ഗ്രാമം സ്വദേശിയാണ് ഇന്ത്യൻ പ്രതിരോധ സേനയിൽ വിങ് കമാൻഡന്റ് ആയി ജോലിചെയ്യുന്ന പ്രശാന്ത് ബാലകൃഷ്ണൻ നായർ. ചിറ്റിലഞ്ചേരി വിളമ്പിൽ ബാലകൃഷ്ണൻ നായരുടെയും തിരുവഴിയാട് പൂളങ്ങാട്ട് പ്രമീളയുടെയും രണ്ടാമത്തെ മകനാണ്. നാലാം ക്ലാസുവരെ പ്രാഥമിക വിദ്യാഭ്യാസം അച്ഛന്റെ ജോലിസ്ഥലമായ കുവൈത്തിലും പിന്നീട് പ്ലസ് ടു വരെ പല്ലാവൂർ ചിന്മയ വിദ്യാലയത്തിലുമാണ് പഠിച്ചത്. പാലക്കാട് അകത്തേത്തറ എൻഎസ്എസ് എൻജിനീയറിങ് കോളജ് വിദ്യാർഥിയായിരിക്കെ നാഷനൽ ഡിഫൻസ് അക്കാദമിയിൽ (എൻഡിഎ) ചേർന്നു. ഇവിടെ പരിശീലനം പൂർത്തിയാക്കി 1999 ജൂണിൽ വ്യോമസേനയുടെ ഭാഗമായി. യുഎസ് എയർ കമാൻഡ് ആൻഡ് സ്റ്റാഫ് കോളജിൽ നിന്ന് ഒന്നാം റാങ്കോടെ ബിരുദം നേടി.

# പൗരത്വ ഭേദഗതി നിയമം അടുത്ത മാസം മുതൽ നടപ്പാക്കും




**ന്യൂഡൽഹി:** വിവാദമായ പൗരത്വ ഭേദഗതി നിയമം അടുത്ത മാസം മുതൽ നിലവിൽ വന്നേക്കുമെന്ന് റിപ്പോർട്ട്. മൂന്ന് അയൽ രാജ്യങ്ങളിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പൗരത്വം നൽകുന്നതിനുള്ള പ്രത്യേക വകുപ്പുകൾ ഉൾക്കൊള്ളുന്ന നിയമം, ലോക്സഭാ തിരഞ്ഞെടുപ്പിനു മുൻപ് നടപ്പാക്കുമെന്നു ബിജെപി നേതാവ് ശിവരാജ് സിങ് ചൗഹാൻ പറഞ്ഞിരുന്നു. ഈ പ്രസ്താവന വന്നു ദിവസങ്ങൾ പിന്നിടുമ്പോഴാണ് പുതിയ റിപ്പോർട്ട് പുറത്തുവന്നത്.

പൗരത്വ റജിസ്ട്രേഷനുള്ള ഓൺലൈൻ പോർ!ട്ടൽ തയാറായിട്ടുണ്ട്. ഇതിന്റെ ട്രയൽ റൺ നടക്കുന്നതായാണ് വിവരം. കഴിഞ്ഞ രണ്ട് വർഷത്തിനിടെ 30 ജില്ലാ മജിസ്ട്രേറ്റുമാർക്കും 9 സംസ്ഥാനങ്ങളിലെ ആഭ്യന്തര സെക്രട്ടറിമാർക്കും പരിശോധനകൾക്കു ശേഷം പൗരത്വം നൽകാനുള്ള അധികാരം നൽകിയിട്ടുണ്ട്. സിഎഎ. നടപ്പിലാക്കില്ലെന്ന് കേരളവും ബംഗാളും ഉൾപ്പടെയുള്ള ചില സംസ്ഥാനങ്ങൾ വ്യക്തമാക്കിയിരുന്നു. ഇത് മറികടക്കാനാണ് പൗരത്വത്തിനായുള്ള നടപടിക്രമങ്ങളെല്ലാം ഓൺലൈൻ വഴിയാക്കുന്നത്.

ബംഗ്ലദേശ്, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് മുസ്ലീം ഭീകരരുടെ അക്രമണത്തിൽ ഇന്ത്യയിലേക്ക് പലായനം ചെയ്ത 2014 ഡിസംബർ 31ന് മുൻപ് കുടിയേറിയ ഹിന്ദു, സിഖ്, ജയിൻ, ബുദ്ധ, പാഴ്സി, ക്രിസ്ത്യൻ വിഭാഗങ്ങളെയാണു പൗരത്വത്തിന് പരിഗണിക്കുക. 2019ൽ പാസാക്കിയ നിയമത്തിനെതിരെ വൻതോതിൽ പ്രക്ഷോഭം ഉയർന്നിരുന്നു. വിഷയവുമായി ബന്ധപ്പെട്ട് മുസ്ലിം ലീഗ് ഉൾപ്പെടെ നൽകിയ ഹർജികൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

പൗരത്വം നൽകുന്നതിനായി മതം പരിഗണിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചായിരുന്നു പ്രതിഷേധങ്ങൾ അരങ്ങേറിയത്.

ഇതിനു തൊട്ടുമുൻപ് അവതരിപ്പിച്ച എൻആർസി, എൻപിആർ എന്നിവ പ്രതിഷേധത്തെത്തുടർന്ന് നിർത്തിവച്ചു.

# വായ്പാ പലിശ നിരക്കുകൾ കുറഞ്ഞേക്കും

**കൊച്ചി:** നാണയപ്പെരുപ്പം നിയന്ത്രണ വിധേയമാകുന്നതിനാൽ വായ്പകളുടെ പലിശ കുറയാൻ സാധ്യതയേറുന്നു. സാമ്പത്തിക രംഗത്ത് മാന്ദ്യസാഹചര്യം ശക്തമായതോടെ വാണിജ്യ ബാങ്കുകൾ ഭവന, വാഹന, വ്യക്തിഗത, സ്വർണ പണയ വായ്പകളുടെ പലിശ കുറയ്ക്കാൻ ആലോചിക്കുകയാണ്.

ബാങ്ക് ഒഫ് ബറോഡ വാഹന വായ്പകളുടെ പലിശ 0.65 ശതമാനം കുറച്ച് 8.75 ശതമാനമാക്കി. നേരത്തെ വാഹന വായ്പകളുടെ പലിശ 9.4 ശതമാനമായിരുന്നു. വിപണിയിലെ പണലഭ്യത കൂടിയതിനാൽ മറ്റ് ബാങ്കുകളും വാഹന വായ്പകളുടെ പലിശ കുറച്ചേക്കും. അമെരിക്കയിലെ ഫെഡറൽ റിസർവും യൂറോപ്യൻ കേന്ദ്ര ബാങ്കും അടുത്ത മാസം പലിശ നിരക്ക് കുറയ്ക്കുമെന്നാണ് കരുതുന്നത്.

16 തവണ പലിശ വർധന നടത്തിയതിനു ശേഷമാണ് യൂറോപ്യൻ സെൻട്രൽ ബാങ്ക് നാണയപ്പെരുപ്പ യുദ്ധത്തിന് ഇടവേള നൽകുന്നത്. ഫെഡറൽ റിസർവ് നിരക്കിൽ മാറ്റം വരുത്തിയിട്ടില്ലെങ്കിലും ധന നിയന്ത്രണ നടപടികളിൽ നിന്നും പിന്മാറുകയാണ്. ഭക്ഷ്യ ഉത്പന്നങ്ങളുടെയും ലോഹങ്ങളുടെയും മറ്റ് അ




വശ്യ സാധനങ്ങളുടെയും വില സമ്മർദം കുറയുന്നതാണ് ആശ്വാസം പകരുന്നത്. ലോകത്തിലെ മറ്റു കേന്ദ്ര ബാങ്കുകളുടെ ചുവടുപിടിച്ച് ഇന്ത്യയിലെ റിസർവ് ബാങ്കും പലിശ കുറച്ചേക്കും.

അമേരിക്കയും യൂറോപ്പും അടക്കമുള്ള മുൻനിര സാമ്പത്തിക മേഖലകൾ കടുത്ത മാന്ദ്യത്തിലേക്ക് മൂക്കുകുത്തുമ്പോഴും ഇന്ത്യ ആവേശകരമായ വളർച്ചയാണ് കാഴ്ചവയ്ക്കുന്നത്. കയറ്റുമതി രംഗത്തെ മാന്ദ്യസാഹചര്യങ്ങൾ മറികടന്നും മികച്ച വളർച്ച നേടുന്ന ഇന്ത്യൻ കമ്പനികൾ ആഭ്യന്തര വിപണിയുടെ കരുത്തിലാണ് മുന്നേറുന്നത്. എന്നാൽ ഇപ്പോഴത്തെ ഉണർവ് മുതലെടുത്ത് ഉത്പാദന രംഗത്ത് കൂടുതൽ നിക്ഷേപം നടത്തുന്നതിന് ബാങ്ക് വായ്പകളുടെ ഉയർന്ന പലിശ നിരക്ക് വെല്ലുവിളി സൃഷ്ടിക്കുകയാണെന്ന് വ്യവസായികൾ ചൂണ്ടിക്കാട്ടുന്നു.റിസർവ് ബാങ്കിൻറെ അടുത്ത ധനഅവലോകന യോഗത്തിൽ മുഖ്യ പലിശ നിരക്കായ റിപ്പോയിൽ കാൽ ശതമാനമെങ്കിലും കുറവ് വരുത്തി കോർപ്പറേറ്റ് മേഖലയ്ക്ക് ആശ്വാസം പകരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞമാസം നടന്ന ധന അവലോകന യോഗത്തിൽ പലിശ വർധന നടപടികൾ താത്കാലികമായി മരവിപ്പിക്കുകയാണെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ പുറത്തു വന്ന ജിഡിപി കണക്കുകളും വ്യവസായ ഉത്പാദന സൂചനകളും റിസർവ് ബാങ്കിനും കേന്ദ്ര ധനമന്ത്രാലയത്തിനും ഏറെ ആശ്വാസം പകരുന്നതാണ്. അതിനാൽ ധനനയത്തിൽ തിരക്കിട്ട് മാറ്റം വരുത്തേണ്ടെന്ന നിലപാടിലാണ് റിസർവ് ബാങ്കെന്ന് എസ്ബിഐയുടെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.

ചില്ലറ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം നാല് ശതമാനത്തിന് അടുത്തേക്ക് താഴുമെന്നാണ് റിസർവ് ബാങ്കിൻറെ വിലയിരുത്തൽ.





അഡ്വ.അലോക് കുമാർ ,ബജ്രംഗ് ലാൽ ബഗ്ര , മിലന്ദ് എസ്.പരാഡെ വ, വിനായക് റാവു ദേശ്പാണ്ഡെ

# വിശ്വ ഹിന്ദു പരിഷത്ത്: പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു

കൊച്ചി:വിശ്വ ഹിന്ദു പരിഷത്ത് കേന്ദ്ര മാനേജിംഗ് കമ്മറ്റിയുടെയും ബോർഡ് ഓഫ് ട്രസ്റ്റീസിന്റെയും യോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. അഡ്വ.അലോക് കുമാർ ഇന്റർനാഷണൽ പ്രസിഡന്റ്, ബജ്രംഗ് ലാൽ ബഗ്ര ഇന്റർനാഷണൽ സെക്രട്ടറി ജനറൽ, മിലന്ദ് എസ്.പരാഡെ ഇന്റർനാഷണൽ ഓർഗനൈസിംഗ് സെക്രട്ടറി , വിനായക് റാവു ദേശ്പാണ്ഡെ സഹ സംഘടനാ ജനറൽ സെക്രട്ടറി എന്നിവരെയാണ് അയോധ്യയിലെ കർസേവപുരത്ത് നടന്നുവരുന്ന ത്രിദിന യോഗത്തിന്റെ രണ്ടാം ദിവസത്തെ അവസാന സമ്മേളനത്തിൽ തിരഞ്ഞെടുപ്പിന് ശേഷം പ്രഖ്യാപിച്ചത്.

വിഎച്ച്പിയുടെ കേന്ദ്ര വൈസ് പ്രസിഡന്റ് ജീവേശ്വർ മിശ്രയായിരുന്നു തിരഞ്ഞെടുപ്പ് ഓഫീസർ. ആർഎസ്എസിന്റെ മുതിർന്ന നേതാവും വി.എച്ച്.പിയുടെ പാലക്അധികാരിയുമായ ഭയ്യാജി ജോഷിയുടെ സാന്നിധ്യത്തിലായിരുന്നു പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചത്. മറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും പ്രഖ്യാപനവും യോഗത്തിന്റെ അവസാന ദിവസം നടക്കും. വിഎച്ച്പിയുടെ ഭരണഘടന പ്രകാരം മൂന്ന് വർഷം കൂടുമ്പോഴാണ് പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നത്. ഒരു വ്യക്തിക്ക് രണ്ട് ടേമിൽ കൂടുതൽ വിഎച്ച്പിയിൽ പ്രധാന പദവികൾ വഹിക്കാൻ കഴിയില്ല.

## നാരായണീയം ശ്രേഷ്ഠാചാര്യ പുരസ്കാരം; അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** പ്രശാന്തി വിശ്വഭാരത ദർശന സേവാ ട്രസ്റ്റ് ഏർപ്പെടുത്തിയിരിക്കുന്ന 2024 ലെ നാരായണീയം ശ്രേഷ്ഠാചാര്യ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. ഈ വർഷത്തെ പുരസ്കാര സമർപ്പണ ചടങ്ങ് പുരി ജഗന്നാഥ സന്നിധിയിലാണ് സംഘടിപ്പിക്കുന്നത്.

ഭക്തജനങ്ങളും, ശിഷ്യഗണങ്ങളും നിർദ്ദേശിക്കുന്നവരിൽ നിന്നും ഏറ്റവും കൂടുതൽ വോട്ട് നേടുന്ന 10 പേരെയാണ് ശ്രേഷ്ഠാചാര്യ പുരസ്കാര ജേതാക്കളായി പ്രഖ്യാപിക്കുക. ഇവർക്ക് 25000 രൂപ വീതം ക്യാഷ് അവാർഡ് നൽകും. ഇക്കുറി വോട്ട് നിലയുടെ അടിസ്ഥാനത്തിൽ 50 സഹ ആചാര്യന്മാരെയും തിരഞ്ഞെടുക്കും. ഇവർക്ക് 5000 രൂപ ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും ലഭിക്കും. 9400230257,9633906755 എന്നീ നമ്പറുകളിൽ ആചാര്യന്മാരുടെ പേരുകൾ നിർദ്ദേശിക്കാം. വാട്സാപ്പിലും, പോസ്റ്റലിലും അഭിപ്രായ വോട്ടുകൾ രേഖപ്പെടുത്താം. പുരസ്കാര ജേതാക്കൾക്കും, സഹ ആചാര്യന്മാർക്കും പുരിജഗന്നാഥ സന്നിധിയിലേയ്ക്കുള്ള യാത്ര, താമസം,ഭക്ഷണം എന്നിവ സൗജന്യമായിരിക്കുമെന്നും ചടങ്ങിന് കേന്ദ്ര സംസ്ഥാന മന്ത്രിമാരുടെ സാന്നിധ്യം ഉണ്ടാകുമെന്നും നാരായണീയം ചെയർമാൻ ആർ.നാരായണപിള്ള അറിയിച്ചു.

## സൗന്ദര്യമത്സരം സംഘടിപ്പിച്ചു

**കൊച്ചി:** കേരളത്തിന്റെ സാംസ്കാരിക പൈതൃകം പ്രദർശിപ്പിച്ച്, സൗന്ദര്യത്തിന്റെയും കൃപയുടെയും പ്രതിഭയുടെയും മാധുര്യം അടയാളപ്പെടുത്തുന്ന ജിഎൻജി മിസിസ് കേരളംദി ക്രൗൺ ഓഫ് ഗ്ലോറി സീസൺ 1ന്റെ ഗ്രാൻഡ് ഫിനാലെ കൊച്ചിയിലെ റാഡിസൺ ബ്ലൂവിൽ നടന്നു.

മത്സരാർത്ഥികൾ അവരുടെ സമാനതകളില്ലാത്ത ചാരുതയും കഴിവും സ്വർണ്ണം വെള്ളി വിഭാഗങ്ങൾക്ക് കീഴിൽ പ്രകടിപ്പിച്ചു. സിൽവർ വിഭാഗത്തിൽ വൃന്ദ വിജയകുമാർ ജേതാവായപ്പോൾ അമിത ഏലിയാസ്, ഡോ. ശിൽപ ശശികുമാർ എന്നിവർ യഥാക്രമം ഒന്നും രണ്ടും റണ്ണറപ്പ് സ്ഥാനങ്ങൾ കരസ്ഥമാക്കി. ഗോൾഡ് വിഭാഗത്തിൽ പ്രിയങ്ക കണ്ണൻ ജേതാവിന്റെ കിരീടവും, ജയലക്ഷ്മി ദിവാകരൻ, നസിമ കുഞ്ഞ് എന്നിവർ ഒന്നും രണ്ടും റണ്ണർഅപ്പ് കിരീടങ്ങളും സ്വന്തമാക്കി. അറുപത്തുരണ്ടുകാരിയായ പ്രൊഫസർ അനിത ശേഖറിന്റെ അസാധാരണമായ മനോഭാവവും സംഭാവനയും പരിഗണിച്ച് ജിഎൻജി മിസിസ് ഇൻസ്പിറേറ്റാ എന്ന പേരിൽ ഒരു പ്രത്യേക കിരീടവുംനൽകി.




# ഹൈഡ്രജൻ ഇന്ധനത്തിലോടുന്ന ഇന്ത്യയിലെ ആദ്യ ഫെറി കൊച്ചിയിൽ ; പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്യും

**കൊച്ചി:** ഹൈഡ്രജൻ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യ കാറ്റമരൻ ഫെറി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. തൂത്തുകുടിയിൽ നിന്ന് വെർചൽ ആയാണ് പ്രധാനമന്ത്രി ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുന്നത്.

ഭാവി ഇന്ധന സാങ്കേതികവിദ്യയിൽ ഇന്ത്യയുടെ നിർണായക ചുവടുവയ്പ്പായ ഈ ഹൈഡ്രജൻ ഫ്യൂവൽ സെൽ കാറ്റമരൻ ഫെറി കൊച്ചിൻ ഷിപ്യാർഡാണ് നിർമ്മിച്ചത്. പൂർണമായും തദ്ദേശീയമായി രൂപകൽപ്പന ചെയ്യുകയും വികസിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്ത ഹൈഡ്രജൻ കപ്പലാണിത്. 2070 ഓടെ ഇന്ത്യയിൽ ഹരിതഗൃഹ വാതകങ്ങൾ മൂലമുള്ള മലിനീകരണം ഇല്ലാതാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ വിപുലമായ പദ്ധതികളുടെ ഭാഗമായി ഒരു പൈലറ്റ് പദ്ധതി ആയാണ് ഈ ഹൈഡ്രജൻ ഫെറി നിർമിച്ചത്. മാരിടൈം ഇന്ധനമായി ഹൈഡ്രജനെ സ്വീകരിക്കാനുള്ള പരിശ്രമങ്ങളുടെ കൂടി ഭാഗമാണിത്. ശബ്ദമില്ലാതെ ഓടുന്ന ഈ ഫെറി മലിന വാതകങ്ങളൊന്നും പുറന്തള്ളുന്നില്ല. ഊർജ്ജ ഉപയോഗവും കാര്യക്ഷമമാണ്. ഫലത്തിൽ ഇത് ആഗോള താപനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും സഹായിക്കുന്നു.നാഷനൽ ഗ്രീൻ ഹൈഡ്രജൻ മിഷൻ വിഭാവനം ചെയ്യുന്നതു പോലെ ഹൈഡ്രജനെ ഒരു മാരിടൈം ഇന്ധനമായി ഉപയോഗിക്കുന്നതിന് ഈ പദ്ധതി ഊർജ്ജം പകരും. ഏറ്റവും വേഗത്തിൽ സമുദ്രഗതാഗത രംഗത്ത് ഹൈഡ്രജൻ ഫ്യൂവൽ സെൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെ ഈ പദ്ധതി ആഗോളതലത്തിൽ ഇന്ത്യയ്ക്ക് ഒരു മത്സരാധിഷ്ഠിത മുൻതൂക്കവും നേടിക്കൊടുക്കും.

## ന്യൂഡൽഹി മാരത്തൺ: മലയാളി താരം ഗോപി ടി ചാമ്പ്യൻ

**ന്യൂഡൽഹി:** അപ്പോളോ ടയേഴ്സ് ന്യൂഡൽഹി മാരത്തണിൽ ആർമി സ്പോർട്സ് ഇൻസ്റ്റിറ്റിയൂട്ടിന്റെ മലയാളി താരം ഗോപി തോന്നക്കലിന് കിരീടം. ഇഞ്ചോടിഞ്ച് മത്സരത്തിൽ സഹതാരം ശ്രീനു ബുഗാതയെ രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളിയാണ് ഗോപിയുടെ നേട്ടം. 2:14:40 സമയത്തിലാണ് ഗോപി ഫിനിഷ് ചെയ്തത്. 2:14:41 സമയത്തിൽ ശ്രീനു ബുഗാത രണ്ടാമനായി. അക്ഷയ് സൈനി (2:15:27)ക്കാണ് എലൈറ്റ് വിഭാഗത്തിൽ മൂന്നാം സ്ഥാനം. 2022ൽ നേടിയ വ്യക്തിഗത മികവ് (2:13:39) മറികടക്കാൻ ഗോപിക്കായില്ല. പാരീസ് ഒളിമ്പിക്സ് യോഗ്യത മാർക്ക് മറികടക്കാനും താരങ്ങൾക്കായില്ല. 2:08.10 സമയമായിരുന്നു ഒളിമ്പിക്സ് യോഗ്യത മാർക്ക്. അതേസമയം എലൈറ്റ് വനിതാ വിഭാഗത്തിൽ തന്റെ ഏറ്റവും മികച്ച വ്യക്തിഗത സമയം (2:52:25) കണ്ടെത്തിയ അശ്വിനി ജാദവ് സ്വർണം നേടി. നിർമാബെൻ താക്കൂർ (2:55:47), ദിവ്യങ്ക ചൗധരി (2:57.06) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഹാഫ് മാരത്തൺ വിജയികൾ: പുരുഷ വിഭാഗം: 1. ഹർമൻജോത് സിംഗ് (1:03:52); 2. കിരൺ മാത്രെ (1:03:57); 3. ധർമേന്ദർ (1:04:06). വനിതാവിഭാഗം: 1. താഷി ലഡോൾ (1:24:34); 2. സ്റ്റാൻസിൻ ചോണ്ടോൾ (1:28:18); 3. സ്റ്റാൻസിൻ ഡോൽക്കർ (1:28:27). 19,000ത്തിലധികം പേരാണ് മാരത്തണിൽ പങ്കെടുത്തത്. കേന്ദ്ര സാംസ്കാരിക സഹമന്ത്രി മീനാക്ഷി ലേഖി, ക്രിക്കറ്റ് താരം ഇർഫാൻ പത്താൻ, നടി സോഹ അലി ഖാൻ, അപ്പോളോ ടയേഴ്സ് ലിമിറ്റഡ് ഏഷ്യപസഫിക്, മിഡിൽ ഈസ്റ്റ് ആൻഡ് ആഫ്രിക്ക (എപിഎംഇഎ) പ്രസിഡന്റ് സതീഷ് ശർമ, എഎസ്ഐസിഎസ് മാനേജിംഗ് ഡയറക്ടർ രജത് ഖുറാന തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## സൗജന്യ പ്ലാസ്റ്റിക് സർജറി നിർണയ ക്യാമ്പ്

**കൊച്ചി :** പൊള്ളൽ ഏറ്റ് ഗുരുതര പരിക്കേറ്റവർക്കും മുറി ചുണ്ട് ഉള്ളവർക്കും സൗജന്യ പ്ലാസ്റ്റിക് സർജറി നിർണ്ണയ ക്യാമ്പ് മാർച്ച് മൂന്നിന് രാവിലെ 9 മുതൽ 3 മണി വരെ എറണാകുളം പുല്ലേപ്പടി ദാറുൽ ഉലൂം ഹയർ സെക്കന്ററി സ്കൂളിൽ നടക്കും.

റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ്, റോട്ടറി കോയമ്പത്തൂർ മെട്രോപൊളിസ്, ഗംഗ ഹോസ്പിറ്റൽ കോയമ്പത്തൂർ, പീസ് വാലി എന്നിവരുടെ ആഭിമുഖ്യത്തിലാണ് പരിപാടി.തിരഞ്ഞെടുക്കപെടുന്നവർക്ക് കോയമ്പത്തൂർ ഗംഗ ആശുപത്രിയിൽ സൗജന്യമായി ശസ്ത്രക്രിയ ലഭിക്കും.മുൻവർഷങ്ങളിലെ ക്യാമ്പുകളിലൂടെ നൂറോളം പേരെ ജീവിതത്തിലേക്ക് തിരികെ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9188521782, 9847437272.

## മുക്ക പ്രൊട്ടീൻസ് പ്രഥമ ഓഹരി വിൽപ്പന വ്യാഴാഴ്ച

**കൊച്ചി.** മുൻനിര സമുദ്രോൽപ്പന്ന നിർമാതാക്കളായ മുക്ക പ്രൊട്ടീൻസ് ലിമിറ്റഡ് പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) വ്യാഴാഴ്ച ആരംഭിക്കും. എട്ട് കോടി ഓഹരികളാണ് വിറ്റഴിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ നിശ്ചിത വില 2628 രൂപയാണ്. ഐപിഒ മാർച്ച് നാലിന് ക്ലോസ് ചെയ്യും. നിക്ഷേപകർക്ക് വാങ്ങാവുന്ന ഓഹരികളുടെ ഏറ്റവും കുറഞ്ഞ എണ്ണം 535 ഓഹരികളാണ്. ഐപിഒയിലൂടെ സമാഹരിക്കുന്ന തുകയിൽ 120 കോടി രൂപ വരെ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും 10 കോടി രൂപ അനുബന്ധ സ്ഥാപനമായ എന്റോ പ്രൊട്ടീൻസ് ലിമിറ്റഡിൽ നിക്ഷേപിക്കുന്നതിനും വിനിയോഗിക്കും.

## ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** കൊച്ചി വാട്ടർ മെട്രോയും രാജഗിരി സ്കൂൾ ഓഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജിയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. അക്കാദമിക് സഹകരണത്തിനായുള്ള ധാരണപത്രത്തിൽ കൊച്ചി വാട്ടർ മെട്രോയ്ക്കായി കെഎംആർഎൽ വാട്ടർ ട്രാൻസ്പോർട്ട് വിഭാഗം ചീഫ് ജനറൽ മാനേജർ ഷാജി പി ജനാർദ്ധനനും രാജഗിരി കോളേജിനായി ഡയറക്ടർ ഫാദർ ജോസ് കുരിയേടത്തുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. വാട്ടർ മെട്രോയുടെ ഓപ്പറേഷൻസ്, മെയിന്റനെൻസ് എന്നിവയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ എങ്ങനെ ഉപയോഗപ്പെടുത്താം, ഈമൊബിലിറ്റി മേഖലയിലെ പഠനം, ഡാറ്റാ അനലിറ്റിക്സ് എന്നിവയിൽ രാജഗിരി സ്കൂൾ ഓഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജി കൊച്ചി വാട്ടർ മെട്രോയെ സഹായിക്കും.



# സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ്: ബിഗ്റോക്ക് മോട്ടോർസ്പോർട്സ് ജേതാക്കൾ

**കൊച്ചി:** ബെംഗളൂരിൽ സമാപിച്ച സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് (ഐഎസ്ആർഎൽ) ഉദ്ഘാടന സീസണിൽ ബിഗ്റോക്ക് മോട്ടോർസ്പോർട്സിന് കിരീടം. മൂന്ന് വിഭാഗങ്ങളിലും ജേതാക്കളായാണ് ബെംഗളൂരു ആസ്ഥാനമായ ടീം പ്രഥമ സീസണിൽ വെന്നിക്കൊടി പാറിച്ചത്.

ബിഗ്റോക്ക് മോട്ടോർസ്പോർട്സിന്റെ മാറ്റ് മോസ് 450 സിസി ഇൻർനാഷണൽ വിഭാഗത്തിൽ ചാമ്പ്യനായപ്പോൾ, 250 സിസി ഇന്റർനാഷണൽ വിഭാഗത്തിൽ ബിഗ്റോക്ക് മോട്ടോർസ്പോർട്സിന്റെ തന്നെ റെയ്ഡ് ടെയ്ലർ ഒന്നാം സ്ഥാനത്തെത്തി. ബിഗ്റോക്കിന്റെ തനരത് പെൻജൻ 250 സിസി ഇന്ത്യൻ ഏഷ്യ മിക്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി.റെക്കോഡ് പങ്കാളിത്തത്തിനാണ് ബെംഗളൂരിൽ നടന്ന ഗ്രാൻഡ ഫിനാലെ സാക്ഷ്യം വഹിച്ചത്.

എണ്ണായിരത്തിലധികം പേർ സൂപ്പർക്രോസിന്റെ ആവേശകരമായ ഫൈനൽ മത്സരങ്ങൾ കാണാനെത്തി. സീസണിൽ ആകെ 30000ത്തിലധികം കാണികൾ നേരിട്ട് മത്സരങ്ങൾ കാണാനെത്തി. സൂപ്പർക്രോസ് ഇവന്റ് കാണികളുടെ എണ്ണത്തിൽ ഇത് പുതിയ ആഗോള റെക്കോഡ് സൃഷ്ടിക്കുകയും ചെയ്തു.ബെംഗളൂരിൽ നടന്ന ഗ്രാൻഡ് ഫിനാലെ ഞങ്ങളുടെ പ്രതീക്ഷകൾക്കപ്പുറമായിരുന്നുവെന്നും, കൂടുതൽ ആവേശകരമായ രണ്ടാം സീസണിന് ഇത് കളമൊരുക്കുകയാണെന്നും ലില്ലേരിയ ഗ്രൂപ്പിന്റെ മാനേജിങ് ഡയറക്ടറും സിയറ്റ് ഐഎസ്ആർഎൽ സഹസ്ഥാപകനുമായ വീർ പട്ടേൽ പറഞ്ഞു.

ഞങ്ങളുടെ കൂട്ടായ സ്വപ്നം യാഥാർഥ്യമായതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എഫ്എംഎസ്ഐ, എഫ്ഐഎം, റേസിങ് ടീമുകൾ, പാർട്ണേഴ്സ് എന്നിവരുടെ പിന്തുണയോടെ ലോകത്തെ സൂപ്പർക്രോസിന്റെ കേന്ദ്രബിന്ദുവായി ഞങ്ങൾ ഇന്ത്യയെ മാറ്റും. സീസണിലെ എല്ലാ വിജയികളെയും പങ്കാളികളെയും സിയറ്റ് ഐഎസ്ആർഎലിന് വേണ്ടി അഭിനന്ദിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# പൂത്ത്യക്ക സർവ്വീസ് സഹകരണ ബാങ്ക്: ഉമ്മൻ ചാണ്ടി ജനകീയ ഭക്ഷ്യ വിതരണ പദ്ധതി ഉദ്ഘാടനം ചെയ്തു

**കോലഞ്ചേരി:**സിൽവർ ജൂബിലി വർഷത്തിലേക്കു കടക്കുന്നതിന്റെ മുന്നോടിയായി പൂതൃക്ക ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്കായ ബാങ്കിങ് ഇതര സേവനങ്ങൾ വിപുലീകരിക്കുന്നതിൻറെ ആദ്യഘട്ടത്തിൽ കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ അടങ്ങുന്ന കിറ്റ് വിപണി വിലയിൽ നിന്നും 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ നൽകുന്ന പദ്ധതി ആരംഭിച്ചു. ബാങ്ക് പ്രസിഡന്റ് അനിബെൻ കുന്നത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബെന്നി ബഹനാൻ എം പി ഉദ്ഘാടനം ചെയ്തു.അനശ്വരനായ കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പേരിൽ ' ഉമ്മൻ ചാണ്ടി ജനകീയ ഭക്ഷ്യ വിതരണ പദ്ധതി ' എന്നാണ് പേരിട്ടിരിക്കുന്നത്.

യാതൊരു വേർതിരിവുകളുമില്ലാതെ ആവശ്യപ്പെടുന്ന എല്ലാവർക്കും പദ്ധതിയിൽ അംഗത്വം നൽകും . പദ്ധതി പ്രകാരം എല്ലാ വീടുകൾക്കും പ്രതിമാസം അരി ,പഞ്ചസാര , പയർ വർഗ്ഗങ്ങൾ , മുളക് ,മല്ലി ,സാമ്പാർ,പുട്ട് തുടങ്ങിയ പൊടികൾ ഉൾപ്പടെ 13 ഉല്പന്നങ്ങൾ അടങ്ങിയ ഒരു ഭക്ഷ്യ കിറ്റ് ആണ് വിപണി വിലയിൽ നിന്നും വിലകുറച്ചു നൽകുന്നത്.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മുത്തേടൻ , ഡി സി സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, പഞ്ചായത്ത് പ്രസിഡന്റ് ടി പി വർഗീസ്, പോൾസൺ പീറ്റർ, കെ വി യൽദോ , സി പി ജോയി, എം ടി ജോയി, കെ പി തങ്കപ്പൻ, പീറ്റർ കുപ്ലാശേരി,ലിസി അലക്സ്, രാജമ്മ രാജൻ, ഷൈജ റെജി,പോൾ വി തോമസ്, എം എസ് മുരളി, മാത്യൂസ് കുമ്മണ്ണൂർ, സിനി ജോയി, ബാങ്ക് വൈസ് പ്രസിഡണ്ട് എം .കെ സത്യവ്രതൻ ഡയറക്ടർ ബോർഡ് അംഗങ്ങളായ നിബു കെ കുര്യാക്കോസ് , എം .എസ് .എബ്രഹാം , മിഥുൻ രാജ് പി.എം ,ശ്രീനാഥ് ശ്രീധരൻ , ബാബു വർഗീസ് ,സി .ഇ തമ്പി , ബിജു എം .ടി , ഡോ. എൽദോ പി വർഗീസ് , സിജോ വിനു , അല്ലി പത്രോസ് ,അന്നമ്മ ജോർജ് സെക്രട്ടറി ഷേർലി ഐസക് തുടങ്ങിയവർ പങ്കെടുത്തു.

# സ്ഥാപക ദിനാചരണം നടത്തി സ്പൈസസ് ബോർഡ്

**കൊച്ചി:** രാജ്യത്തെ സുഗന്ധവ്യഞ്ജന വ്യവസായം പരിപോഷിപ്പിക്കുന്നതിനായി 1987ൽ സ്ഥാപിതമായ സ്പൈസസ് ബോർഡ് അതിന്റെ മുപ്പത്തിയേഴാം സ്ഥാപക ദിനാഘോഷം സംഘടിപ്പിച്ചു. കൊച്ചിയിൽ സംഘടിപ്പിച്ച ആഘോഷപരിപാടിയിൽ കേന്ദ്ര വാണിജ്യ, വ്യവസായ വകുപ്പ് അഡിഷണൽ സെക്രട്ടറി അമർദീപ് സിംഗ് ഭാട്ടിയ ഐഎഎസ് സ്ഥാപക ദിന പ്രഭാഷണം നടത്തി. സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി, അതത് പ്രദേശങ്ങളിലെ സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ 14 സംസ്ഥാനങ്ങളിൽ 'ക്ലീൻ ആൻഡ് സേഫ് സ്പൈസസ്' ക്യാമ്പയിൻ സംഘടിപ്പിച്ചു. കേരളത്തിൽ ഇടുക്കി പുറ്റടിയിലുള്ള സ്പൈസസ് പാർക്കിലാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്.

ചടങ്ങിൽ സ്പൈസസ് ബോർഡ് സ്പൈസസ് ബോർഡ് സെക്രട്ടറി ഡി. സത്യൻ ഐഎഫ്എസ് ആമുഖപ്രഭാഷണം നടത്തി. സ്പൈസസ് ബോർഡ് അംഗങ്ങൾ, കർഷകർ, കയറ്റുമതി വ്യാപാരികൾ, സ്പൈസസ് ബോർഡ് ഡയറക്ടർമാർ തുടങ്ങിയവർ സംസാരിച്ചു.

# വനിതകൾക്ക് സ്കോളർഷിപ്പോടെ നൈപുണ്യ പരിശീലനം

**കൊച്ചി:** തൃക്കാക്കര നഗരസഭ പരിധിയിലുള്ള വനിതകൾക്ക് സ്കോളർഷിപ്പോടെയുള്ള തൊഴിൽ പരിശീലനത്തിനു ഇപ്പോൾ അപേക്ഷിക്കാം. അസാപ് കേരളയാണ് കോഴ്സുകൾ സംഘടിപ്പിക്കുന്നത്. SC/ST വിഭാഗത്തിൽ ഉൾപ്പെട്ട വനിതകൾക്ക് 100% സ്കോളർഷിപ്പും, മറ്റു വിഭാഗത്തിൽ പെടുന്നവർക്ക് 25% ഗുണഭോക്തൃ വിഹിതം നൽകി 75% സ്കോളർഷിപ്പോടുകൂടി ഫിറ്റ്നസ് ട്രെയിനർ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ഹൈഡ്രോപോണിക്സ് ഗാർഡ്നർ എന്നീ കോഴ്സുകൾ പഠിക്കാം. കോഴ്സുകളുടെ വിശദ വിവരങ്ങൾക്ക് തൃക്കാക്കര നഗരസഭ വ്യവസായ ഓഫീസുമായോ, കളമശ്ശേരി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന അസാപിന്റെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കുമായോ ബന്ധപ്പെടാവുന്നതാണ്. വിളിക്കേണ്ട ഫോൺ നമ്പർ 8848179814 / 97785 98336. അപേക്ഷിക്കാനുള്ള അവസാന തീയതി 10 മാർച്ച് 2024.

# വി പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് സൗജന്യ ബാഗേജ് പരിരക്ഷ

**കൊച്ചി:** അന്താരാഷ്ട്ര റോമിങ് പാക്കുകൾ മുൻകൂട്ടി ബുക്കു ചെയ്യുന്ന വി പോസ്റ്റ് പെയ്ഡ് ഉപഭോക്താക്കൾക്ക് ബാഗേജ് വൈകുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നതിന് ബാഗ് ഒന്നിന് 19800 രൂപ വരെയുള്ള സൗജന്യ പരിരക്ഷ ലഭിക്കും. അമേരിക്ക അധിഷ്ഠിതമായുള്ള ബ്ലൂ റിബൺ ബാഗ്സുമായി സഹകരിച്ചാവും ഇതു നടപ്പാക്കുക. 2024 ഏപ്രിൽ ഏഴിനു മുൻപുള്ള യാത്രാ പദ്ധതികൾക്കായി തെരഞ്ഞെടുത്ത റോമിങ് പദ്ധതികളിലാവും ഈ ആനുകൂല്യം. ബാഗുകൾ 96 മണിക്കൂറിനപ്പുറം വൈകുകയോ കണ്ടുപിടിക്കാനാവാതെ വരികയോ ചെയ്താലാവും ഈ പരിരക്ഷ. പത്തു ദിവസത്തെ 3999 രൂപയുടെ അന്താരാഷ്ട്ര റോമിങ് പായ്ക്ക്, 14 ദിവസത്തെ 4999 രൂപയുടെ അന്താരാഷ്ട്ര റോമിങ് പായ്ക്ക്, 5999 രൂപയുടെ 30 ദിവസത്തെ പായ്ക്ക് തുടങ്ങിയവയ്ക്കാവും ഈ ആനുകൂല്യങ്ങൾ. 2024 ഫെബ്രുവരി 26 മുതൽ മാർച്ച് 21 വരെ മുൻകൂട്ടി ബുക്കു ചെയ്യുന്നവർക്കാവും ഈ ആനുകൂല്യങ്ങൾ സൗജന്യമായി ലഭിക്കുക.

# ഫ്രീഡം ഫുഡ് ഫാക്ടറി പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ ജയിലിന്റെ സ്ഥിരം ഭക്ഷ്യ വിതരണ കേന്ദ്രം കലൂർ ജെ എൽ എൻ സ്റ്റേഡിയം മെട്രോ റെയിൽ സ്റ്റേഷന് സമീപം പ്രവർത്തനം ആരംഭിച്ചു.കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർമ്മിച്ച് നൽകിയ കിയോസ്കിൽ ആണ് ഫ്രീഡം ഫുഡ് ഫാക്ടറി കൗണ്ടർ പ്രവർത്തിക്കുന്നത്. കൗണ്ടറിന്റെ ഉദ്ഘാടനം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ , കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ബൽറാം കുമാർ ഉപാദ്ധ്യയ എന്നിവർ ചേർന്ന് നിർവ്വഹിച്ചു. ചടങ്ങിൽ കൊച്ചി മെട്രോ പ്രോജെക്ടസ് വിഭാഗം ഡയറക്ടർ ഡോ. എം പി രാംനവാസ്, ജനറൽ മാനേജർ അജിത്, ജോയിന്റ് ജനറൽ മാനേജർ റിസുമി നടരാജൻ, എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ട് രാജു എബ്രാഹം, വെൽഫെയർ ഓഫീസർ തോമസ് ഛ. ഖ, ജയിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഏലിയാസ് വർഗീസ്, അസിസ്റ്റൻറ് പ്രിസൺ ഓഫീസർമാരായ ഷൈജു ജ.അ, ദിനകരൻ എന്നിവർ സന്നിഹിതരായിരുന്നു.പൊതു ജനങ്ങൾക്ക് മിതമായ നിരക്കിൽ ഭക്ഷണസാധനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ കൗണ്ടർ കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അധികൃതർ വ്യക്തമാക്കി.

# ശബരി വിമാനത്താവളം: സ്ഥലം ഏറ്റെടുക്കൽ വിജ്ഞാപനം മാർച്ച് ആദ്യവാരം



**കോട്ടയം:** ശബരി വിമാനത്താവളം നിർമാണത്തിനുള്ള സ്ഥലം ഏറ്റെടുപ്പിൻറെ പ്രാഥമിക വിജ്ഞാപനം മാർച്ച് ആദ്യവാരം പുറത്തിറങ്ങും. ഇതുമായി ബന്ധപ്പെട്ടു റവന്യു വകുപ്പിൻറെ നടപടികൾ നാളെ പൂർത്തിയാകും. വിജ്ഞാപനത്തിന് പിന്നാലെ ഏറ്റെടുക്കാനുള്ള സ്ഥലം അന്തിമമായി സർവേ ചെയ്യും. ബിലീവേഴ്സ് ചർച്ചിൻറെ എസ്റ്റേറ്റിനു പുറമെ സ്വകാര്യവ്യക്തികളുടെ 160 ഏക്കറും ഏറ്റെടുക്കും. എരുമേലി തെക്ക്, മണിമല വില്ലേജുകളിൽ ഉൾപ്പെട്ടതാണ് ഈ സ്ഥലം.

ഏറ്റെടുക്കേണ്ട ഓരോ പ്ലോട്ടിൻറെയും വിസ്തീർണം, ഉടമകളുടെ വിലാസം എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്തശേഷം റവന്യു വകുപ്പ് നോട്ടീസ് നൽകി അന്തിമമായി അളന്നു തിട്ടപ്പെടുത്തും. ഇതിനു ശേഷം മൂല്യം കണക്കാക്കി നഷ്ടപരിഹാര പാക്കേജ് നിശ്ചയിക്കും. നിർമാണങ്ങളുടെ മൂല്യം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗവും വില കൂടിയ വൃക്ഷങ്ങളുടെ മൂല്യം സാമൂഹിക വനവത്കരണ വിഭാഗവും മറ്റു മരങ്ങളുടെയും കാർഷിക വിളകളുടെയും മൂല്യം കൃഷിവകുപ്പുമാണു കണക്കാക്കുന്നത്.

ഇതിനു ശേഷം ഓരോ ഭൂമിയുടെയും കൃത്യമായ അളവ് അടക്കം വിജ്ഞാപനം ഇറക്കി നഷ്ടപരിഹാരം നൽകി ഡിസംബറിനു മുമ്പ് സ്ഥലം ഏറ്റെടുക്കും. പരിസ്ഥിതി, വനം, വ്യോമയാനം തുടങ്ങിയ വകുപ്പുകളുടെ അനുമതികളും ഇതേകാലത്ത് ലഭ്യമാക്കും.

2014 ഫെബ്രുവരിയിൽ നിർമാണത്തിൻറെ ആദ്യഘട്ടം തുടങ്ങും. മുക്കട മുതൽ ഓരുങ്കൽകടവ് വരെ മൂന്നര കിലോമീറ്റർ റൺവേയ്ക്കുള്ള മണ്ണ് നീക്കംചെയ്യൽ ആറു മാസത്തിനുള്ളിൽ പൂർത്തിയാക്കും. തുടർന്ന് ആറു മാസംകൊണ്ട് കോൺക്രീറ്റിംഗ് ജോലികളും നടക്കും. ഓരുങ്കൽ കടവിൽ ടെർമിനലിൻറെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമാണം ഇതേ ഘട്ടത്തിൽ തന്നെ നടക്കും.

# പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം മാർച്ച് 3 ന്



**കൊച്ചി:** ഈ വർഷത്തെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി മാർച്ച് 3 ഞായറാഴ്ച നടക്കും. ജില്ലയിൽ അഞ്ചു വയസിനു താഴെയുള്ള 203803 കുട്ടികൾക്കാണ് പൾസ് പോളിയോ ദിനത്തിൽ പോളിയോ തുള്ളി മരുന്ന് നൽകുന്നത്. ജില്ലയിൽ ആകെ 1915 പൾസ് പോളിയോ ബൂത്തുകളാണ് സജ്ജീകരിക്കുന്നത്. സർക്കാർ ആശുപത്രികൾ സ്വകാര്യ ആശുപത്രികൾ, അംഗൻവാടികൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ (സബ് സെന്ററുകൾ) എന്നിവിടങ്ങളിലായി 1787 ബൂത്തുകൾ പ്രവർത്തിക്കും. കൂടാതെ ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബോട്ട് ജെട്ടികൾ, എയർപോർട്ട് തുടങ്ങി ആളുകൾ വന്നു പോയി കൊണ്ടിരിക്കുന്ന 43 കേന്ദ്രങ്ങളിൽ ട്രാൻസിറ്റ് ബൂത്തുകളും പ്രവർത്തിക്കും. ആളുകൾക്ക് വന്നെത്തിച്ചേരുവാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും കുട്ടികൾക്ക് തുള്ളിമരുന്ന് നൽകുന്നതിനായി 83 മൊബൈൽ ടീമുകളെയും സജ്ജമാക്കിയിട്ടുണ്ട്. ഇത് കൂടാതെ മേളകൾ നടക്കുന്ന സ്ഥലങ്ങളിൽ രണ്ട് അധിക ബൂത്തുകൾ കൂടി ഒരുക്കിയിട്ടുണ്ട്. പൾസ് പോളിയോ ദിനമായ മാർച്ച് 3 നു അഞ്ചു വയസിനു താഴെയുള്ള എല്ലാ കുട്ടികളെയും തൊട്ടടുത്തുള്ള പൾസ് പോളിയോ ബൂത്തിലെത്തിച്ചു ഒരു ഡോസ് തുള്ളി മരുന്ന് നൽകണം. ഏതെങ്കിലും കാരണവശാൽ മാർച്ച് 3 നു തുള്ളി മരുന്ന് നൽകാൻ സാധിക്കാത്തവർക്ക് ആരോഗ്യ പ്രവർത്തകർ അടുത്ത രണ്ടു ദിവസങ്ങളിൽ വീടുകളിലെത്തി വാക്സിൻ നൽകും.

പൾസ് പോളിയോ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം മാർച്ച് 3 ഞായറാഴ്ച രാവിലെ 10.30 നു മുളവുകാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനൽ നിർവഹിക്കും. മുളവുകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എസ്. അക്ബർ അധ്യക്ഷത വഹിക്കും.

ബൂത്തുകളിൽ സേവനമനുഷ്ഠിക്കുന്നതിനായി ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ അംഗൻവാടി പ്രവർത്തകർ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനം നൽകി. പൾസ് പോളിയോ ദിനത്തിന്റെ നടത്തിപ്പ് ഏകോപിപ്പിക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുതല യോഗങ്ങൾ ചേർന്നു.

1995 മുതൽ നടത്തപ്പെടുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഫലമായി 2014 മാർച്ച് 27 നു ഭാരതം പോളിയോ വിമുക്തമായി പ്രഖ്യാപിക്കപ്പെട്ടുവെങ്കിലും ലോകത്ത് ഇന്നും പോളിയോ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇതിൽ നമ്മുടെ അയൽരാജ്യമായ പാകിസ്ഥാനും അഫ്ഗാനിസ്ഥാനുമുണ്ട്. അതിനാൽ നമ്മുടെ നേട്ടം നിലനിർത്തുന്നതിനും പോളിയോ രോഗത്തെ ലോകത്തു നിന്നും പൂർണമായി നിർമാർജനം ചെയ്യുന്നതിനും ഏതാനും വർഷങ്ങൾ കൂടി ഈ പ്രതിരോധ യജ്ഞം തുടരേണ്ടതുണ്ട്. രോഗാണു നിരീക്ഷണ പരിപാടി യുടെ ഭാഗമായി പോളിയോ രോഗാണു രാജ്യത്തു തിരികെയെത്തുന്നുണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കുന്നുണ്ടെങ്കിലും നാം മതിയായ മുൻകരുതലുകൾ സ്വീകരിക്കണം. പ്രത്യേകിച്ച് വിവിധ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്നതിനാൽ. ഭാരതത്തിൽ 2011 ലും കേരളത്തിൽ 2000 ലും ആണ് അവസാനമായി പോളിയോ കണ്ടെത്തിയിട്ടുള്ളത്.

പോളിയോ വാക്സിനേഷനുമായി ബന്ധപ്പെട്ട ആലോചനാ യോഗം ജില്ലാ വികസന കമ്മീഷണർ എം.എസ്. മാധവിക്കുട്ടിയുടെ അധ്യക്ഷതയിൽ ചേർന്നു. ജില്ലാ മെഡിക്കൽ ഓഫീസർ , ആർസിഎച്ച് ഓഫീസർ ഡോ. കെ.എൻ. സതീഷ്, എൻ എച്ച് എം ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ.സി. രോഹിണി, ജില്ലാ എജ്യുക്കേഷൻ മീഡിയ ഓഫീസർ സി.എം. ശ്രീജ, വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഹണി ജി. അലക്സാണ്ടർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## അംഗൻജ്യോതി പദ്ധതി; ഊർജ സംരക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്തു

**പാലക്കാട്:** ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ അംഗൻജ്യോതി പദ്ധതിയുടെ ഭാഗമായി ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് ഊർജ സംരക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്തു.

20 അങ്കണവാടികൾക്കാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. കെ. പ്രേംകുമാർ എം.എൽ.എ വിതരണോദ്ഘാടനം നിർവഹിച്ചു. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് കല്യാണമണ്ഡപത്തിൽ നടന്ന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. രാജിക അധ്യക്ഷയായി. നവകേരളം മിഷൻ ജില്ലാ കോഓർഡിനേറ്റർ പി. സെയ്തലവി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. സുകുമാരൻ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി. ഹരിദാസൻ, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം. ഗിരിജ, വാർഡ് അംഗം എം.കെ. പ്രദീപ്, സെക്രട്ടറി എസ്. ജയപ്രകാശ്, സി.ഡി.എസ്. ചെയർപേഴ്സൺ ടി. സൗമ്യ, അങ്കണവാടി അധ്യാപിക രാജേശ്വരി എന്നിവർ പങ്കെടുത്തു.

## അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ നിയമനം: അഭിമുഖം മാർച്ച് 13 ന്

**പാലക്കാട്:** ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഉത്തരമേഖലയിൽ പെടുന്ന പാലക്കാട് ജില്ലയിലെ ഇ.എസ്.ഐ ആശുപത്രി ഡിസ്പെൻസറിയിലേക്ക് അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നു. പ്രതിമാസ വേതനം 57,525 രൂപ. താത്പര്യമുള്ള ഡോക്ടർമാർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, ടി.സി.എം.സി രജിസ്ട്രേഷൻ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്, സമുദായ സർട്ടിഫിക്കറ്റ് എന്നിവ തെളിയിക്കുന്ന രേഖകളും പകർപ്പും സഹിതം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ മാർച്ച് 13 ന് നേരിട്ടെത്തണം. രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെയാണ് അഭിമുഖമെന്ന് ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ: 04952322339.

## നഴ്സിങ്, പാരാമെഡിക്കൽ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**പാലക്കാട്:** ജില്ലയിൽ ഉൾപ്പെടുന്ന സി.എച്ച്.സി, താലൂക്ക് ആശുപത്രി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ഹോസ്പിറ്റൽ ആൻഡ് പാലക്കാട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നഴ്സിങ്, പാരാമെഡിക്കൽ യോഗ്യതയുള്ളവരെ കരാർ അടിസ്ഥാനത്തിൽ അപ്രന്റീസ് ട്രെയിനികളായി നിയമിക്കുന്നു. പട്ടികജാതി വിഭാഗം യുവതീയുവാക്കൾക്ക് അപേക്ഷിക്കാം. അപേക്ഷകർ ഗവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ജനറൽ നഴ്സിങ്, ബി.എസ്.സി നഴ്സിങ് കോഴ്സ്, പാരാമെഡിക്കൽ കോഴ്സ് പാസായവരായിരിക്കണം. പ്രായപരിധി 21നും 35നും മധ്യേ. രണ്ടു വർഷത്തേക്കാണ് നിയമനം. അപേക്ഷകൾ ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ സഹിതം മാർച്ച് ആറിന് വൈകിട്ട് അഞ്ച് വരെ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. ഫോൺ: 04912505005.

## വനിതകൾക്ക് ഫിറ്റ്നസ്സ് ട്രെയിനർ പരിശീലനം

**കൊച്ചി:** തൃക്കാക്കര നഗരസഭയിലെ വിദ്യാർത്ഥികൾക്കും, യുവാക്കൾക്കും, വയോജനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ വിദ്യാഭ്യാസ നൈപുണ്യ വികസനം യാഥാർഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ നഗരസഭ പരിധിയിലുള്ള വനിതകൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നൈപുണ്യ പരിശീലന സ്ഥാപനമായ അസാപ് കേരളയിലൂടെ തൊഴിൽ പരിശീലനം നൽകും.

എസ്.സി/എസ്.ടി. വിഭാഗത്തിൽ ഉൾപ്പെട്ട വനിതകൾക്ക് 100% സ്കോളർഷിപ്പും, മറ്റു വിഭാഗത്തിൽപെടുന്നവർക്ക് 25% ഗുണഭോക്തൃ വിഹിതം നൽകി 75% സ്കോളർഷിപ്പോടുകൂടി പരിശീലനം നേടാൻ സാധിക്കും. ഫിറ്റ്നസ് മേഖലയിൽ താല്പര്യമുള്ളവർക്ക് ഒരു പുതിയ കരിയർ കണ്ടെത്തുവാനും നിലവിൽ ജിം ട്രെയിനർ ആയി പ്രവർത്തിക്കുന്നവർക്കു സെർട്ടിഫൈഡ് ട്രെയിനർ ആകാനുള്ള അവസരവും കോഴ്സിലൂടെ ലഭിക്കുന്നു. 300 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ പ്ലസ്ടു പാസ്സായവർക്ക് പങ്കെടുക്കാം. കോഴ്സുകളുടെ വിശദ വിവരങ്ങൾക്ക് തൃക്കാക്കര നഗരസഭ വ്യവസായ ഓഫീസുമായോ, കളമശ്ശേരി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന, അസാപിന്റെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കുമായോ ബന്ധപ്പെടാവുന്നതാണ്. വിളിക്കേണ്ട ഫോൺ നമ്പർ 8848179814 / 97785 98336. ഓൺലൈനായി അപേക്ഷിക്കാൻ https://link.asapcsp.in/thrikkakara എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷിക്കാനുള്ള അവസാന തീയതി : മാർച്ച്10 .

# തൈറോയ്ഡ് പ്രശ്നങ്ങളും സ്ത്രീകളും





**ഡോ. വിനോദ്.യു**
കൺസൾട്ടന്റ്,
എൻഡോക്രൈനോളജി, ആസ്റ്റർ മിംസ്,
കോഴിക്കോട്

കഴുത്തിന്റെ മുന്നിൽ ചിത്രശലഭത്തിന് സമാനമായ ആകൃതിയിലുള്ള ഒരു ചെറിയ അവയവമാണ് തൈറോയ്ഡ്. വലിപ്പത്തിൽ ചെറുതാണെങ്കിലും നമ്മുടെ ശരീരത്തിലെ പല പ്രധാനകാര്യങ്ങളും നിയന്ത്രിക്കുന്നതും അതിനാവശ്യമായ ഹോർമോണുകൾ ഉല്പാദിപ്പിക്കുന്നതും ഈ ഗ്രന്ഥിയാണ്. നമ്മൾ കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് കിട്ടുന്ന ഊർജം ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതും അവയവങ്ങളുടെ വളർച്ചയ്ക്ക് വേണ്ട പിന്തുണ നൽകുന്നതും തൈറോയ്ഡ് ആണ്. ഈ ഗ്രന്ഥിയുടെ പ്രവർത്തനത്തിൽ താളപ്പിഴകൾ ഉണ്ടായാൽ ഡിപ്രഷൻ ഉൾപ്പെടെ മാനസികവും ശാരീരികവുമായ പല പ്രശ്നങ്ങളും നമുക്കുണ്ടാകും. കഴുത്തിൽ മുഴകൾ പ്രത്യക്ഷപ്പെടുമ്പോഴാണ് പല സ്ത്രീകളും തൈറോയ്ഡ് രോഗം സംശയിച്ച് ആശുപത്രിയിലെത്തുന്നത്. തൈറോയ്ഡ് ഗ്രന്ഥിയിൽ കാണപ്പെടുന്ന എല്ലാ വീക്കങ്ങളും അപകടകാരിയല്ല.

അമിതമായി തൈറോഡ് ഹോർമോണുകൾ ഉല്പാദിപ്പിക്കപ്പെടുന്ന ഹൈപ്പർ തൈറോയ്ഡിസം ഇന്ന് പലരിലും കണ്ടുവരുന്ന ഒരു പ്രശ്നമാണ്. പ്രത്യേകിച്ച് സ്ത്രീകളിൽ. ഏത് പ്രായക്കാരിലും തൈറോയ്ഡ് സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാകാം. പലപ്പോഴും വളരെ നേരത്തെയോ വളരെ വൈകിയോ പെൺകുട്ടികളിൽ ആർത്തവം തുടങ്ങുന്നതിന് കാരണം തൈറോയ്ഡിന്റെ പ്രവർത്തനത്തിലെ ഏറ്റക്കുറച്ചിലുകളാണ്. പിൽക്കാലത്ത് ആർത്തവചക്രത്തിലെ താളപ്പിഴകൾക്കും അത് കാരണമാകാറുണ്ട്. ചില സ്ത്രീകളിൽ ഗർഭധാരണം നടക്കാത്തതിനും തൈറോയ്ഡ് ഒരു കാരണമായി വരാറുണ്ട്. തൈറോയിഡ് ഹോർമോണിന്റെ പ്രവർത്തനം കൂടിയാലും കുറഞ്ഞാലും അണ്ഡവിസർജനത്തെ ബാധിക്കും. തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തനം കുറയുകയും ആവശ്യത്തിന് ഹോർമോണുകൾ ഉല്പാദിപ്പിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഹൈപ്പോതൈറോയ്ഡിസം. കുട്ടികളിൽ ഹൈപ്പോതൈറോയ്ഡിസം ഉണ്ടായാൽ അവരുടെ വളർച്ച മുരടിക്കുന്നു. മുതിർന്നവരിൽ തണുപ്പിനോടുള്ള അസഹിഷ്ണുത, സന്ധികളിൽ വേദന, പേശീവലിവ്, വിഷാദരോഗം, അമിതവണ്ണം, വരണ്ടചർമ്മം, മുടികൊഴിച്ചിൽ, മലബന്ധം, കൈകാൽതരിപ്പ്, പരുക്കൻശബ്ദം, രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് കൂടുക, ആർത്തവം ക്രമമല്ലാതാവുക തുടങ്ങിയാണ് ഇതിന്റെ ലക്ഷണങ്ങൾ. ഹൈപ്പർ തൈറോയ്ഡിസവും ഹൈപ്പോതൈറോയ്ഡിസവും തൈറോയ്ഡ്ഗ്രന്ഥിയുടെ മാത്രം പ്രശ്നമാവണമെന്നില്ല. പിറ്റിയൂട്ടറിഗ്രന്ഥിയുടെ തകരാറുമൂലവും ഇത് സംഭവിക്കാം.

ഇനി ഗർഭകാലത്താണ് തൈറോയ്ഡ് പ്രശ്നങ്ങൾ ഉണ്ടാകുന്നതെങ്കിൽ കുഞ്ഞിനെ അത് ബാധിക്കാനിടയുണ്ട്. പ്രസവശേഷം അമ്മയിൽ തൈറോയ്ഡ് പ്രശ്നങ്ങൾ വഷളാകുകയും ചെയ്യാം. ആവശ്യത്തിന് തൈറോയ്ഡ് ഹോർമോണുകൾ ഇല്ലെങ്കിൽ ഗർഭം അലസിപ്പോകാനോ മാസം തികയാതെ പ്രസവിക്കാനോ ഒക്കെ ഇടയായേക്കാം. തൈറോയ്ഡ് അസുഖങ്ങൾ ഉള്ള സ്ത്രീകളിൽ വളരെ നേരത്തെ തന്നെ (നാല്പതുകളിലും മറ്റും) ആർത്തവവിരാമവും സംഭവിക്കാറുണ്ട്. നമ്മുടെ നാട്ടിൽ ആർത്തവവിരാമം വന്ന പല സ്ത്രീകളിലും തൈറോയ്ഡ് പ്രവർത്തനം മന്ദീഭവിച്ചതായി കാണാറുണ്ട്. ഇതുമൂലം ആർത്തവം കൂടിയോ കുറഞ്ഞോ വരാം.

തൈറോയ്ഡ് ഗ്രന്ഥി വേണ്ടവിധം പ്രവർത്തിക്കുന്നില്ലെങ്കിൽ, ഹൃദ്രോഗമുണ്ടാകാനുള്ള സാധ്യതയുമുണ്ട്. ദീർഘകാലം ഈ പ്രശ്നങ്ങൾ തുടർന്നാൽ എല്ലുകളുടെ ആരോഗ്യത്തെയും അത് ബാധിക്കും. ഇങ്ങനെ ഒരു സ്ത്രീയുടെ ജീവിതത്തിലെ എല്ലാ ഘട്ടങ്ങളിലും തൈറോയ്ഡിന്റെ ആരോഗ്യത്തിന് വലിയ പങ്കാണുള്ളത്. അതിരുകടന്ന ആകാംക്ഷ, ദേഷ്യം, ഭയം, ദു:ഖം എന്നീ മാനസിക പ്രശ്നങ്ങളും തൈറോയ്ഡ് കാരണം ഉണ്ടാകാം.

കഴുത്തിന്റെ കീഴ്ഭാഗത്തുണ്ടാകുന്ന വീക്കം, ആഹാരം വിഴുങ്ങുമ്പോൾ തടസം, ശ്വാസതടസം എന്നിവയുണ്ടെങ്കിൽ പ്രത്യേകം ശ്രദ്ധിക്കണം. കണ്ണാടിയിൽ നോക്കുമ്പോൾ തൊണ്ടയിൽ മുഴയുള്ളതായി മിക്ക സ്ത്രീകൾക്കും തോന്നാറുണ്ട്. എന്നാൽ തടിച്ച ശരീരപ്രകൃതിയുള്ളവരിൽ ഇത് കൃത്യമായി മനസിലാക്കാൻ കഴിഞ്ഞെന്നുവരില്ല. രക്തപരിശോധനയിലൂടെയാണ് തൈറോയ്ഡിന്റെ പ്രശ്നങ്ങൾ സ്ഥിരീകരിക്കുന്നത്. എന്നാൽ തൈറോയ്ഡ് സംബന്ധമായ രോഗങ്ങൾ ഏറെക്കുറെ എല്ലാം മരുന്നുകൾ കൊണ്ട് കൃത്യമായി നിയന്ത്രിക്കാം എന്ന വസ്തുത വലിയ ആശ്വാസമാണ്. കാര്യമായ പ്രശ്നങ്ങളുള്ള ചിലർക്ക് സ്ഥിരമായി ചില സപ്പ്ളിമെന്റുകൾ കഴിക്കേണ്ടിവരാറുണ്ട്. തൈറോയ്ഡ് ഗ്രന്ഥിയിൽ വീക്കമുണ്ടാവുകയോ അർബുദം ബാധിക്കുകയോ ചെയ്താൽ അവസാനമാർഗമെന്ന നിലയിൽ ശസ്ത്രക്രിയയിലൂടെ തൈറോയ്ഡ് നീക്കം ചെയ്യാവുന്നതുമാണ്.

പാരമ്പര്യം, അയഡിന്റെ കുറവ്, തൈറോയ്ഡ് ഗ്രന്ഥിയിലുണ്ടാകുന്ന ചിലതരം മുഴകൾ, തൈറോയ്ഡ് ഗ്രന്ഥിക്കെതിരെ പ്രവർത്തിക്കുന്ന ആന്റിബോഡികൾ, അണുബാധ, റേഡിയേഷൻ, എക്സ്റേ, തലച്ചോറിലെയോ പിറ്റിയൂറ്ററി ഗ്രന്ഥിയിലെയോ തകരാറുകൾ എന്നിവയാണ് തൈറോയ്ഡ് രോഗങ്ങളുടെ പ്രധാന കാരണങ്ങൾ.

**ഭക്ഷണക്രമം ശരിയാക്കാം**

തൈറോയ്ഡ് ഹോർമോണിലെ പ്രധാന ഘടകം അയഡിനാണ്. അതിനാൽ ഭക്ഷണത്തിൽ അയഡിന്റെ അംശം കുറഞ്ഞാൽ തൈറോയ്ഡ് ഹോർമോണിന്റെ ഉത്പാദനം കുറയുകയും അനുബന്ധലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യും. ഈ പ്രശ്നം ഭക്ഷണത്തിലൂടെ തന്നെ പരിഹരിക്കാവുന്നതാണ്. കടൽമത്സ്യം, സെഡാർ ചീസ്, പാൽ, പാലുൽപ്പന്നങ്ങൾ, മുട്ട ഇവയെല്ലാം അയഡിൻ സമ്പുഷ്ടമാണ്. അയഡിൻ ചേർന്ന ഉപ്പ് പാചകത്തിന് ഉപയോഗിക്കുന്നതാണ് ഉത്തമം. അതുപോലെ ഭക്ഷണം പാകം ചെയ്യാൻ ശുദ്ധമായ വെളിച്ചെണ്ണ ഉപയോഗിക്കുക. റിഫൈൻഡ് എണ്ണകൾ ഒഴിവാക്കുക. വിറ്റാമിൻ സി അടങ്ങിയ പഴച്ചാറുകൾ കഴിക്കുന്നത് നല്ലതാണ്.

തൈറോയിഡിന് പ്രശ്നങ്ങൾ കണ്ടുതുടങ്ങിയാൽ ചില ഭക്ഷണങ്ങൾ നമ്മൾ 'നിയന്ത്രിക്കണം'. അതിനർത്ഥം ഇഷ്ടമുള്ള ഭക്ഷണങ്ങൾ പൂർണമായും ഒഴിവാക്കണം എന്നല്ല. ഈ വിഷയത്തിൽ പല തെറ്റിദ്ധാരണകളും നമുക്കിടയിലുണ്ട്. ബുദ്ധിപൂർവം, നിയന്ത്രിതമായ അളവിൽ ഏത് ഭക്ഷണവും കഴിക്കാം. ഒന്നും അമിതമാകരുതെന്ന് മാത്രം.

സോയാബീൻ ആഴ്ചയിൽ ഒരിക്കൽ മിതമായി കഴിക്കുന്നതിൽ തെറ്റില്ല. അമിതമായാൽ തൈറോഡ് ഗ്രന്ഥിയുടെ പ്രവർത്തനത്തെ ബാധിക്കുന്ന രാസവസ്തുക്കൾ സോയാബീനിൽ അടങ്ങിയിട്ടുണ്ട്. അതുപോലെ തൈറോയ്ഡ് രോഗത്തിന് മരുന്ന് കഴിക്കുന്നവർ സോയാബീൻ കഴിച്ചയുടൻ മരുന്ന് കഴിക്കരുത്. കുറഞ്ഞത് 4 മണിക്കൂറെങ്കിലും ഇടവേള നൽകണം.

ക്രൂസിഫെറസ് പച്ചക്കറികൾ പോഷകസമൃദ്ധമാണ്. എന്നാൽ അമിതമായാൽ തൈറോഡ് ഗ്രന്ഥിയുടെ പ്രവർത്തനത്തെ അവ ബാധിക്കുന്നു.

കപ്പ നന്നായി വേവിക്കാത്ത കപ്പയും കിഴങ്ങും കഴിക്കുന്നത് തൈറോയിഡിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു. കൃത്യമായി വേവിച്ച് കുറഞ്ഞ അളവിൽ ഇവ കഴിക്കാം.

ഈ പറഞ്ഞ ഭക്ഷണങ്ങളെല്ലാം ആഴ്ചയിൽ ഒന്നോ രണ്ടോ തവണ കഴിക്കുന്നത് കൊണ്ട് കാര്യമായ പ്രശ്നങ്ങൾ ഉണ്ടാകാറില്ല. അതുപോലെ തൈറോയിഡിന് അസുഖമുള്ളവർ മൈദയും ഗോതമ്പും കഴിക്കാൻ പാടില്ല എന്ന് പറയുന്നത് തെറ്റിദ്ധാരണയാണ്. തൈറോയ്ഡിനൊപ്പം സീലിയാക് രോഗവും ഉള്ളവർക്കാണ് ഇവ കഴിക്കാൻ പാടില്ലാത്തത്. പൊതുവെ മൈദ സ്ഥിരമായി കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതല്ലെങ്കിലും തൈറോയ്ഡിന്റെ പേരിൽ വല്ലപ്പോഴും അതാസ്വദിക്കുന്നതിൽ കുറ്റബോധം തോന്നേണ്ട കാര്യമില്ല. എന്നാലും അമിതമായ രാസപദാർഥങ്ങൾ അടങ്ങിയ ഭക്ഷണങ്ങൾ ഒഴിവാക്കുന്നതാണ് പൊതുവായ ആരോഗ്യത്തിന് നല്ലത്. പകരം പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ തെരെഞ്ഞെടുത്ത് കഴിക്കാൻ എപ്പോഴും ശ്രദ്ധിക്കുക. ഭക്ഷണക്രമത്തിൽ സ്വയം മിതത്വം പാലിക്കാനുള്ള ആത്മശക്തിയാണ് പ്രധാനം. അമിതമായി വാരിവലിച്ചു കഴിക്കുന്ന ശീലം ഒഴിവാക്കണം.

തൈറോയ്ഡ് രോഗത്തിനുള്ള മരുന്ന് കഴിച്ചയുടൻ ഭക്ഷണം കഴിക്കരുത്. ആഹാരത്തിന് മുൻപ്, വയർ ഒഴിഞ്ഞുകിടക്കുമ്പോഴാണ് മരുന്ന് കഴിക്കേണ്ടത്. മരുന്ന് കഴിച്ചയുടൻ ചായ, കോഫി, ജ്യൂസ് എന്നിവയും ഒഴിവാക്കണം. വെള്ളം മാത്രം കുടിച്ചാണ് മരുന്ന് ഇറക്കേണ്ടത്. കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും കഴിഞ്ഞതിന് ശേഷം ഭക്ഷണം കഴിക്കാം. എല്ലാ ദിവസവും ഒരേസമയത്ത് തന്നെ മരുന്ന് കഴിക്കാനും ശ്രദ്ധിക്കണം. ഇതൊരു ശീലമാക്കിയാൽ മാത്രമേ മരുന്നുകളുടെ ഫലം പരമാവധി കിട്ടുകയുള്ളു. തൈറോയ്ഡിനൊപ്പം മറ്റെന്തെങ്കിലും അസുഖങ്ങൾക്ക് കൂടി മരുന്ന് കഴിക്കുന്നവരാണെങ്കിൽ ഡോക്ടറുടെ നിർദേശങ്ങൾ പൂർണമായും അനുസരിക്കുക.

തൈറോയ്ഡ് രോഗങ്ങൾക്ക് കാരണമാകുന്ന മറ്റൊരു പ്രധാന വില്ലൻ സ്ട്രെസ് ആണ്. നമ്മുടെ ശരീരത്തിന്റെ ബാലന്സിനെ തന്നെ തെറ്റിച്ചുകളയാൻ മാനസികസമ്മർദ്ദങ്ങൾക്ക് ശക്തിയുണ്ട്. ജീവിതത്തിൽ അനാവശ്യസമ്മർദ്ദങ്ങൾ ഒഴിവാക്കി സന്തോഷത്തോടെയിരിക്കാൻ ശ്രദ്ധിക്കുക. പ്രത്യേകിച്ച് സ്ത്രീകൾ. അമിതമായ മാനസികസമ്മർദ്ദം തൈറോയ്ഡ് രോഗത്തിന് കാരണമായേക്കാമെന്ന് മാത്രമല്ല, നേരത്തെ രോഗമുള്ളവരിൽ അത് ഗുരുതരമാക്കുകയും ചെയ്തേക്കാം. സമ്മർദ്ദങ്ങൾ അനുഭവിക്കുന്നവർ തടിക്കുന്നത് ശ്രദ്ധിച്ചിട്ടില്ലേ? സമ്മർദ്ദം കാരണം അവരുടെ ദഹനപ്രക്രിയ മന്ദീഭവിക്കുന്നതാണ് ഇതിന്റെ കാരണം. തൈറോയ്ഡ് പോലെയുള്ള നിരവധി രോഗങ്ങൾക്ക് പിന്നിൽ അധികമാരാലും ചർച്ച ചെയ്യപ്പെടാതെ ഒളിച്ചിരിക്കുന്ന വില്ലൻ മാനസികസമ്മർദ്ദമാണ്. വീട്ടിലായാലും ജോലിസ്ഥലത്തായാലും എല്ലാവരും പരസ്പരം സഹകരിച്ചെങ്കിൽ മാത്രമേ മാനസിക സമ്മർദ്ദത്തെ അകറ്റിനിർത്താൻ കഴിയൂ.



# മേക്ക്മൈട്രിപ്പ് കൊച്ചിയിൽ ആദ്യ ഫ്രാഞ്ചൈസി സ്റ്റോർ തുറന്നു

**കൊച്ചി :** പ്രമുഖ ഓൺലൈൻ യാത്രാ കമ്പനിയായ മേക്ക്മൈട്രിപ്പ് കൊച്ചിയിൽ ആദ്യ ഫ്രാഞ്ചൈസി സ്റ്റോർ തുറന്നു. പ്രധാന ഹോളിഡേ പാക്കേജ് വിപണിയായ കേരളത്തിൽ മേക്ക്മൈട്രിപ്പിന്റെ രണ്ടാമത്തെ ഔട്ട്ലെറ്റാണിത്. ഉപഭോക്താക്കളുമായി നേരിട്ടുള്ള ഇടപെടൽ വിപുലീകരിക്കുകയാണ് പുതിയ ഫ്രാഞ്ചൈസി ആരംഭിക്കുന്നതിലൂടെയെന്ന് മേക്ക്മൈട്രിപ്പ് ഹോളിഡേയ്സ് ആൻഡ് എക്സ്പീരിയൻസ് ബിസിനസ് ഹെഡ് ജസ്മീത് സിംഗ് പറഞ്ഞു. കൊച്ചി പോലുള്ള നഗരങ്ങളിൽ ട്രാവൽ കമ്മ്യൂണിറ്റികൾ കെട്ടിപ്പടുക്കുന്നതിന് ശക്തമായ ഹൈപ്പർലോക്കൽ മാർക്കറ്റിംഗ് കണക്ഷൻ കെട്ടിപ്പടുക്കുകയാണ് ലക്ഷ്യം. ഫ്രാഞ്ചൈസികളിൽ സേവനം സ്ഥിരതയോടെ തുടരുന്നുവെന്ന് ഉറപ്പാക്കാൻ സാങ്കേതികവിദ്യയിലും പരിശീലനത്തിലും പ്രാധാന്യം നൽകിയെന്നും ജസ്മീത് സിംഗ് അറിയിച്ചു.ഹണിമൂൺ, സ്ത്രീകൾകളുടെ എക്സ്ക്ലൂസീവ് ടൂറുകൾ, സോളോ യാത്രകൾ, കുടുംബങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായ പാക്കേജുകളാണ് മേക്ക്മൈട്രിപ്പ് ലഭ്യമാക്കുന്നത്. ഓസ്ട്രേലിയ, ഭൂട്ടാൻ, ദുബൈ, യൂറോപ്പ്, ഗ്രീസ്, ഇന്തോനേഷ്യ, മാലിദ്വീപ്, മൗറീഷ്യസ്, നേപ്പാൾ, ന്യൂസിലാൻഡ്, സിംഗപ്പൂർ, സ്വിറ്റ്സർലൻഡ്, മലേഷ്യ, ശ്രീലങ്ക, റഷ്യ, തായ്‌ലൻഡ്, അമേരിക്ക എന്നിവയുൾപ്പെടെ അന്താരാഷ്ട്ര ടൂർ പാക്കേജ് ഉണ്ട്. ആഭ്യന്തരവിപണിയിൽ ആൻഡമാൻ, കേരളം, രാജസ്ഥാൻ, കാശ്മീർ, ലഡാക്ക്, ഉത്തരാഖണ്ഡ് എന്നിവയുൾപ്പെടെ രാജ്യത്തെ എല്ലായിടത്തേക്കും മേക്ക്മൈട്രിപ്പ് യോജ്യമായ പാക്കേജുകൾ ലഭ്യമാക്കുന്നുണ്ട്.




# ഭിന്നശേഷിക്കാർക്ക് തൊഴിൽ അവസരം: ആക്സിസ് ബാങ്ക് ഫൗണ്ടേഷനും ടെറൈനും സഹകരിക്കുന്നു

**കൊച്ചി:** ഭിന്നശേഷിക്കാരായ വ്യക്തികളെ ശാക്തീകരിക്കാനായി ആസ്കിസ് ബാങ്ക് ഫൗണ്ടേഷനും ട്രസ്റ്റ് ഫോർ റീട്ടെയ്ലേഴ്സ് ആന്റ് റീട്ടെൽ അസോസ്സിയേറ്റ്സ് ഇന്ത്യയും (ടെറൈൻ) സസ്റ്റൈനബിൾ ലൈവിലിഹുഡ് പ്രോഗ്രാം അവതരിപ്പിച്ചു. ഭിന്നശേഷിക്കാരെ ശേഷി വികസനത്തിനും റീട്ടെയിൽ രംഗത്തെ തൊഴിൽ അവസരങ്ങൾക്കും അനുയോജ്യമായ രീതിയിൽ പരിശീലിപ്പിക്കുയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. റീട്ടെയിൽ രംഗത്തും അനുബന്ധ മേഖലകളിലും കൂടുതൽ വൈവിധ്യമാർന്നതും തുല്യതയോടു കൂടിയതും ഉൾപ്പെടുത്തിയുള്ളതുമായ തൊഴിൽ സേനയെ വളർത്തിയെടുക്കാനും സംസാര, കേൾവി പ്രശ്നങ്ങൾ, ലോക്കോമോട്ടീവ് വൈകല്യങ്ങൾ, കുറഞ്ഞ കാഴ്ച തുടങ്ങിയവ ഉള്ളവരുടെ അഭിമാനം വർധിപ്പിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

# കാലിഫോർണിയ ആൽമണ്ട് ഗവേഷണ പഠനഫലം പുറത്തുവിട്ടു

**കൊച്ചി:** വ്യായാമത്തിന് ശേഷമുള്ള പേശികളുടെ വീണ്ടെടുക്കലിനും, വ്യായാമം മെച്ചപ്പെടുത്തുന്നതിനും ബദാം കഴിക്കുന്നത് സഹായകരമാവുമെന്ന് പുതിയ ഗവേഷണ പഠന ഫലം. ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുടെ ധനസഹായത്തോടെ ഫ്രണ്ടിയേഴ്സ് ഇൻ ന്യൂട്രീഷൻ നടത്തിയ ഗവേഷണ പഠന ഫലമാണ് പുറത്തുവന്നത്.

വ്യായാമത്തിന് ശേഷമുള്ള പേശികളുടെ വീണ്ടെടുക്കലിന് ബദാം എങ്ങനെ സഹായകരമാവുന്ന എന്നതിനെക്കുറിച്ചുള്ള മുൻ ഗവേഷണങ്ങളുടെ വികാസം കൂടിയാണ് പുതിയ പഠന ഫലം. പഠനത്തിന്റെ ഭാഗമായി നേരിയ തോതിൽ അമിതഭാരമുള്ള 25 മധ്യവയസ്കരായ പുരുഷന്മാരും സ്ത്രീകളും 57 ഗ്രാം (രണ്ട് ഔൺസ്) ദിവസവും അസംസ്കൃത ബദാം കഴിച്ച് എട്ട് ആഴ്ചകൾക്ക് ശേഷം 30 മിനിറ്റ് ഡൗൺഹിൽ ട്രെഡ്മിൽ റൺ ടെസ്റ്റ് നടത്തി. കലോറിയുമായി പൊരുത്തപ്പെടുന്ന (86 ഗ്രാം/മൂന്ന് ഔൺസ്) ഉപ്പില്ലാത്ത പ്രെറ്റ്സലുകളുടെ ലഘുഭക്ഷണവും ഈ നിയന്ത്രിത ഗ്രൂപ്പിന് നൽകിയിരുന്നു.

കഠിനമായ വ്യായാമത്തിന് ശേഷം ഫിറ്റ്നസ് വീണ്ടെടുക്കാൻ സഹായിക്കുന്നതിന് ഇടയ്ക്കിടെ ബദാം കഴിക്കുന്നത് നല്ലതാണെന്ന് ഞങ്ങളുടെ പഠനം സൂചിപ്പിക്കുന്നതായി ലണ്ടൻ കിങ്സ് കോളജിലെ എക്സർസൈസ് മെറ്റബോളിസം ആൻഡ് ന്യൂട്രീഷനിലെ സീനിയർ ലെക്ചറർ ഡോ. ഒലിവർ സി വിറ്റാർഡ് പറഞ്ഞു.




# വിൻഫാസ്റ്റിൻറെ ഇന്ത്യയിലെ ആദ്യ വൈദ്യുത വാഹന നിർമാണ ശാലയ്ക്ക് തറക്കല്ലിട്ടു

**കൊച്ചി:** വിയറ്റ്നാമിലെ മുൻനിര വൈദ്യുത വാഹന നിർമാതാക്കളായ വിൻഫാസ്റ്റ് ഓട്ടോ ഇന്ത്യയിലെ തങ്ങളുടെ ആദ്യ നിർമാണശാലയ്ക്ക് തറക്കല്ലിട്ടു.

തമിഴ്നാട്ടിലെ തൂത്തുക്കുടി ജില്ലയിലെ സിപ്കോട്ട് വ്യവസായ എസ്റ്റേറ്റിൽ 400 ഏക്കറിലായുള്ള വൈദ്യുത വാഹനശാലയുടെ തറക്കല്ലിടൽ ചടങ്ങിൽ തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിനും വ്യവസായ മന്ത്രി ഡോ. ടി ആർ ബി രാജ എന്നിവരടക്കമുള്ള പ്രമുഖർ പങ്കെടുത്തു.

ഇന്ത്യയിൽ ഹരിത വാഹനങ്ങളുടെ പുരോഗതിയുടെ കാര്യത്തിൽ നിർണായകമായ ഒരു ചുവടുവെപ്പാണിതെന്ന് വിൻഫാസ്റ്റ് ഇന്ത്യ സിഇഒ ഫാം സാൻ ചു പറഞ്ഞു.

തൊഴിലവസരങ്ങളുടെ കാര്യത്തിലും ഇതു ഗുണകരമാകുമെന്ന് അദ്ദേഹം പറഞ്ഞു

